# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്പദ്ധതി

## സോഷ്യൽ ഓഡിറ്റ്റിപ്പോര്ട്ട്

**(01-10-2018 മുതൽ 31-03-2019 വരെ)**

## വാര്ഡ് 7( വെള്ളിക്കോത്ത് )

**Date:11/11/2019**

## അജാനൂർ ഗ്രാമപഞ്ചായത്ത്

## കാഞ്ഞങ്ങാട് ബ്ലോക്ക്

## കാസറഗോഡ് ജില്ല.


**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം**

**സോഷ്യൽഓഡിറ്റ്സൊസൈറ്റി(MGNSASK)**

**CSI BUILDINGS, 2nd FLOOR ,LMS COMPOUND ,പാളയം**

**വികാസ്ഭവൻ (പി.ഒ)തിരുവനന്തപുരം 695033**

**ഫോൺ: 0471-22724696**

**ഇമെയിൽ- keralasocialaudit@gmail**


**Date: 11/11/2019**


**തയ്യാറാക്കിയത് :1. ആതിര. കെ**

**2. കാവ്യ .കെ**

**3. ഹരിത.സി**

**(വില്ലേജ് റിസോർസ്പേഴ്സൺ കാഞ്ഞങ്ങാട് ബ്ലോക്ക്)**

**4.രാഘവൻ ( BRP in charge Kanhangad Block)**

## പഞ്ചായത്തിന്റെ പൊതു വിവരങ്ങൾ

| | |
|---|---|
| **വിസ്തീർണ്ണം** | **27.83 ച കി മീ** |
| **ജില്ലാപഞ്ചായത്ത്** | **കാസര്ഗോഡ്** |
| **ബ്ലോക്ക് പഞ്ചായത്ത്** | **കാഞ്ഞങ്ങാട്** |
| **താലൂക്ക്** | **ഹോസ്ദുര്ഗ്** |
| **വില്ലേജുകൾ** | അജാനൂർ, ചിത്താരി |

### പഞ്ചയാത്ത് അതിരുകൾ

| | |
|---|---|
| **കിഴക്ക്** | **മടിക്കൈ ,പുല്ലൂർ പെരിയ പഞ്ചായത്ത്** |
| **പടിഞ്ഞാറ്** | **അറബി കടൽ** |
| **തെക്ക്** | **മുൻസിപ്പാലിറ്റി.** |
| **വടക്ക്** | **പള്ളിക്കര പഞ്ചായത്ത്** |

**ജനസംഖ്യ (2011 ,സെന്സെസ്)**

| **അജാനൂർ** | **ആകെ ജനസംഖ്യ** | | Scs | | STs | |
|---|---|---|---|---|---|---|
| | പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ |
| 49153 | 22952 | 26201 | 449 | 471 | 273 | 274 |

## വാര്ഡ് 7 വെള്ളിക്കോത്ത്.

കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ബ്ലോക്കിലെ അജാനൂർ ഗ്രാമ പഞ്ചായത്തിലെ 7-ആം വാര്ഡ് (വെള്ളിക്കോത്ത്) ആണ് സോഷ്യൽ ഓഡിറ്റിങ് നടത്തുന്നത് .വാര്ഡ് 7ൽ

തൊഴിലുറപ്പ് പദ്ധതിയിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ ഒക്ടോബർ 1 മുതൽ 2019 മാർച്ച് 31 വരെയുള്ള കാലയളവിൽ 5 പ്രവർത്തികളാണ് നടന്നിട്ടുള്ളത്. പൊതു

വിഭാഗത്തിൽ പെട്ട 2പ്രവർത്തിയാണ്സോഷ്യൽ ഓഡിറ്റിനു വിധേയമാക്കിയത് .

തൊഴിലുറപ്പുമായി ബന്ധപെട്ട വാർഡിന്റെ അടിസ്ഥാന വിവരങ്ങൾ താഴെ ചേർക്കുന്നു .

| VILLAGE | TOTAL(registered) | | SCs | SCs | STs | OTHERS | TOTAL | | |
|---|---|---|---|---|---|---|---|---|---|
| | HOUSEHOLDS | PERSONS | HOUSEHOLDS | PERSONS | | HOUSEHOLDS | PERSONS | MALE | FEMALE |
| Vellikkoth | | 117 | | | | | | 12 | 105 |
| Active workers | | 75 | | | | | | 1 | 74 |

# ആമുഖം

ഇന്ത്യയിലെ ദരിദ്രരായ ഗ്രാമീണ ജനതയുടെ ദാരിദ്ര്യം ലഘൂകരിക്കുന്നതിനും അവരുടെ ജീവിത സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനും വേണ്ടി രൂപം കൊടുത്തിട്ടുള്ള ഒരു ബൃഹത്പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. കാർഷിക മേഖലയിലും നിർമ്മാണ മേഖലയിലും തൊഴിൽ ലഭിക്കാതെ ഗ്രാമീണ ജനത ബുദ്ധിമുട്ടനുഭവിക്കുമ്പോൾ അവർക്ക് 100ദിവസത്തെ തൊഴിലെങ്കിലും ഉറപ്പു വരുത്തുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. ഇങ്ങനെ തൊഴിൽ നല്കുന്നതിന് ഏറ്റെടുക്കുന്ന വിവിധ പദ്ധതികളിലൂടെ രാജ്യത്തിന്റെ മണ്ണും ജലവും പരമാവധി സംരക്ഷിക്കുന്നതിന് സാദ്ധ്യമാകും എന്ന് പ്രതീക്ഷിക്കുന്നു.ഇന്ത്യയിലെ ഏറ്റവും പിന്നോക്കമായ 200 ഗ്രാമീണ ജില്ലകളിൽ 2006 ഫെബ്രുവരി 2-ാം തീയതി ഈ നിയമം നിലവിൽ വരുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്തു. കേരളത്തിൽ വയനാടും, പാലക്കാടും ഈ 200ജില്ലകളിൽ ഉൾപ്പെട്ടിരുന്നു. 2007 മെയ് 15 ന് 130 ജില്ലകളിലേക്ക് കൂടി ഇത് വ്യാപിപ്പിച്ചു. ഇടുക്കി,

കാസർഗോഡ് ജില്ലകൾ ഇതിൽ ഉൾപ്പെട്ടിരുന്നു.2008 ഏപ്രിൽ 1ന് ഇന്ത്യയിലെ ബാക്കി മുഴുവൻ ജില്ലകളിലേക്കും ഇത് വ്യാപിപ്പിച്ചു. ഇന്ത്യയിലെ മുഴുവൻ ഗ്രാമീണ ജില്ലകളിലും ഈ പദ്ധതി നിലവിലുണ്ട്.ആഗോളതലത്തിൽ സവിശേഷ ശ്രദ്ധയാകർഷിച്ച ഒരു അവകാശാധിഷ്ഠിത തൊഴിൽ നിയമമെന്ന നിലയിലും ഗ്രാമീണ മേഖലയിൽ ദാരിദ്ര്യ ലഘൂകരണത്തിൽ നിർണ്ണയാകമായ വഴിത്തിരിവ് സൃഷ്ടിച്ച ബൃഹത് പദ്ധതി എന്നകാര്യം പരിഗണിച്ചും 2009ഒക്ടോബർ 2-ാം തീയതി കേന്ദ്ര സർക്കാർ ഈ നിയമത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെന്ന് പുനർനാമകരണം ചെയ്തു.

തൊഴിൽ ആവശ്യപ്പെടുന്നവർക്ക് നിശ്ചിത കാലയളവിനുള്ളിൽ കായികമായ തൊഴിൽ ലഭിക്കുന്നുവെന്നും അതിന് നിർണ്ണയിക്കപ്പെട്ടിട്ടുള്ള വേതനം നർദ്ദിഷ്ട സമയത്തിനുള്ളിൽ ലഭിക്കുന്നുവെന്നും ഉറപ്പു വരുത്തുന്നതിന് ഇന്ത്യൻപാർലമെന്റ് പാസ്സാക്കിയിട്ടുള്ള നിയമമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് നിയമം. 2005 ആഗസ്റ്റ് 23- തിയ്യതിയാണ് പാർലമെന്റ് ഈ നിയമം പാസ്സാക്കുന്നത്.

തൊഴിലും വേതനവും നിർദ്ദിഷ്ട സമയത്തിനുള്ളിൽ കൃത്യമായി ലഭിക്കുന്നതിനുള്ള അവകാശം നിയമപരമായി ഉറപ്പു വരുത്തുവെന്നതാണ് ഈ നിയമത്തിന്റെ സവിശേഷത. തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനവും തൊഴിലെടുത്തശേഷം വേതനം വൈകുകയോ ലഭിക്കാതിരിക്കുകയോ ചെയ്താൽ നഷ്ടപരിഹാരവും ഈ നിയമം വ്യവസ്ഥ ചെയ്യുന്നു.

തൊഴിൽ ആവശ്യപ്പെടുന്നവർക്ക് 15 ദിവസത്തിനുള്ളിൽ കായികമായി ഏതെങ്കിലും തൊഴിൽ നൽകിയിരിക്കണമെന്നാണ് വ്യവസ്ഥ. അല്ലാത്തപക്ഷം പതിനാറാമത്തെ ദിവസം മുതൽ അവർക്ക് തൊഴിലില്ലായ്മ വേതനത്തിന് അർഹതയുണ്ടായിരിക്കും. അതേപോലെ എടുത്ത തൊഴിലിന്റെ വേതനം 14 ദിവസത്തിലധികം വൈകിയാൽ ഇങ്ങനെ വൈകുന്ന ഒരോ ദിവസത്തിനും നഷ്ട പരിഹാരം ലഭിക്കുന്നതിനും അർഹതയുണ്ട്. തൊഴിലോ തൊഴിലില്ലായ്മ വേതനമോ ഉറപ്പായുംഉറപ്പ് വരുത്തുന്നുവെന്നതാണ് തൊഴിലുറപ്പ് നിയമത്തിന്റെ പ്രത്യേകത.

**ഈ പദ്ധതിപ്രകാരം തൊഴിൽ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**.

- പതിനെട്ട് വയസ്സ് പൂർത്തീകരിച്ചിരിക്കുക.
- കായികാദ്ധ്വാനത്തിന് തയ്യാറാവുക.

- ഗ്രാമപഞ്ചായത്തിൽ സ്ഥിരതാമസക്കാരനായിരിക്കുക.എന്നിവയാണ്.
- എന്നാൽ 2014 ലെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം നാടോടികളായ തൊഴിലന്വേഷകർക്കും തൊഴിൽ നല്കണമെന്ന് വ്യവസ്ഥ ചെയ്യിട്ടുണ്ട്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പിലാക്കുന്ന എല്ലാ പ്രവൃത്തികളും സോഷ്യൽഓഡിറ്റിന് വിധേയമാകണമെന്നു 17(2) ആം വകുപ്പ്നിഷ്കർഷിക്കുന്നു. പദ്ധതി പ്രവർത്തനത്തെപ്പറ്റിയും പൊതുധനം ചിലവഴിക്കുന്നതിനെപ്പറ്റിയും പൗരസമൂഹം നടത്തുന്ന പരസ്യവും സ്വതന്ത്രവുമായ പരിശോധനയുമാണ്. സോഷ്യൽ ഓഡിറ്റ് അഥവാ സാമൂഹിക കണക്ക് പരിശോധന തൊഴിലുറപ്പ്നിയമപ്രകാരം വർഷത്തിൽരണ്ട്പ്രാവശ്യം സോഷ്യൽ ഓഡിറ്റ്ഗ്രാമസഭകൾ എല്ലാ വാർഡിലും കൃത്യമായി നടത്തേതാണ്. സോഷ്യൽ ഓഡിറ്റിലൂടെ അഴിമതി ഇല്ലാതാക്കുന്നതിനും സുതാര്യത ഉറപ്പുവരുത്തുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സദ്ഭരണം ഉറപ്പാക്കുന്നതിനും കഴിയുന്നു.പദ്ധതി പണം ശരിയായ രീതിയിൽ ചിലവഴിച്ചിട്ടുണ്ടോ എന്നും ഈപണം ചിലവഴിച്ചതുകൊണ്ട് പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചിട്ടുട്ടോ എന്നും അതിലൂടെ പദ്ധതിയുടെ ഗുണഭോക്താക്കളുടെ ജീവിതത്തിൽ ഗുണകരമായും അതുമൂലം കാര്യമായും മാറ്റം ഉണ്ടായിട്ടുണ്ടോ എന്നും സോഷ്യൽ ഓഡിറ്റ്പ്രകിയക്ക് ക ണ്ടെത്താൻ കഴിയുന്നു.

കാസർഗോട് ജില്ലയിലെ ഹോസ്ദുർഗ് താലൂക്കിലെ കാഞ്ഞങ്ങാട്ബ്ലോക്കിലെ അജാനൂർഗ്രാമ പഞ്ചായത്തിൽ പ്പെട്ട 7 ആം വാർഡ് (വെള്ളിക്കോത്ത്) എന്ന വാർഡാണ് ഓഡിറ്റിന് വിധേയമാക്കുന്നത്.

## രീതിശാസ്ത്രം

•പ്രവൃത്തിഫയലുകൾ, രജിസ്റ്ററുകൾ, പ്രവൃത്തിസ്ഥലങ്ങൾ ,എം ഐ എസ് എന്നിവ പരിശോധിച്ചു.
• റിപ്പോർട്ട് തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ .
•തൊഴിലാളികളുമായി സംവദിച്ചു. തൊഴില്കാർഡ് ,പാസ്ബുക്ക് എന്നിവ പരിശോധിച്ചു.
•റിപ്പോർട്ട് ,എം ഐ എസ് ഫോർമാറ്റ് എന്നിവ തയ്യാറാക്കി.

## അവകാശങ്ങൾ/ അവകാശനിഷേധങ്ങൾ.

**1തൊഴിൽ കാർഡ് ലഭിക്കാനുള്ള അവകാശം**

തൊഴിൽകാർഡ് ആവശ്യപെട്ട എല്ലാ തോഴിലാളികൾക്കും സൗജന്യമായി തൊഴിൽകാർഡ് ലഭ്യമാക്കണമെന്നത് തൊഴിലാളികളുടെ അവകാശമാണ് മുൻകാലങ്ങളിൽ പഞ്ചായത്തിൽ നിന്നുതന്നെ ഫോട്ടോ എടുത്തിരുന്നെങ്കിലും ഇപ്പോൾ ഫോട്ടോ ഇനത്തിൽ എല്ലാ തൊഴിലാളികൾക്കും പണം ചിലവായിട്ടുള്ളതായി കാണപ്പെടുന്നു .

**2,അപേക്ഷിച്ചു 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കുവാനുള്ള അവകാശവും ആയതിന്റെ കൈപറ്റ് രസീത് ലഭിക്കുന്നതിനുള്ള അവകാശം**.

തൊഴിലിനപെക്ഷിച്ചു 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കുവാനുള്ള അവകാശം തൊഴിലാളികള്ക്ക് ലഭിക്കുന്നില്ല കൂട്ടയിട്ടാണ് അപേക്ഷ നൽകിയതായി കാണപ്പെടുന്നത്. ഒറ്റയ്ക്കും അപേക്ഷിക്കാമെന്നറിയാമെന്കിലും ഒറ്റയ്ക്ക് തോഴിലിനപേക്ഷിച്ചതായി കാണുന്നില്ല.

**3, തൊഴിൽ, അല്ലെങ്കിൽ തോഴിലില്ലായ്മ വേതനം ലഭിക്കാനുള്ള അവകാശം.(ആദ്യത്തെ30 ദിവസം ¼ ,പിന്നീടുള്ള ദിവസങ്ങളിൽ ½ ഭാഗം .)**

തൊഴിൽ രഹിതവേതനത്തിന് ഇതുവരെ അപേക്ഷ നൽകിയതായി കാണാൻ സാധിച്ചില്ല.

**4,പദ്ധതി(ഷെൽഫ് ഓഫ് പ്രൊജക്റ്റ്തയ്യാറാക്കാനുള്ള അവകാശം**

ഷെൽഫ് ഓഫ് പ്രൊജെക്ടിനെ ക്കുറിച്ച് തൊഴിലാളികൾക്ക് യാതൊരു വിധ അറിവും ഉണ്ടായിരുന്നില്ല. പല പ്രവൃത്തികളും കാലാവസ്ഥക്കും യോജിച്ച രീതിയിലും സമയത്തും അല്ല ചെയ്യിരിക്കുന്നത്.

**5,5കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിക്കുവാനുള്ള അവകാശം (,അല്ലെങ്കിൽവേതനത്തിന്റെ10%അധികം.)**

പരിശോധനക്ക് വിധേയമാക്കിയ 2 പ്രവർത്തികളിലും തൊഴിലാളികൾക്ക് 5 കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭ്യമായിട്ടുണ്ട്.

**6,കുടിവെള്ളം,വിശ്രമസൗകര്യം,പ്രദമശുശ്രൂഷാസൗകര്യം,ഇവ ലഭിക്കുന്നതിനുള്ള അവകാശം.**

തൊഴിലാളികളുടെ പ്രധാനപ്പെട്ട അവകാശങ്ങളിൽ ഒന്നായ ജോലിസ്ഥലത് കുടിവെള്ളം വിശ്രമസൌകര്യം, പ്രഥമ ശുശ്രൂഷാ സൗകര്യം എന്നിവ ലഭ്യമാക്കണമെന്നുന്ടെന്കിലും പ്രവൃതിയിടങ്ങളിൽ മേൽപ്പറഞ്ഞതൊക്കെ ഇപ്പോൾ ലഭ്യമല്ല എന്ന് കണ്ടെത്തുവാൻ സാധിച്ചു .

**8,വേതനവിതരണത്തിലെ കാലതാമസത്തിനു നഷ്ടപരിഹാരം ലഭിക്കുവാനുള്ള അവകാശം.**

കൂലി ലഭിക്കാൻ വൈകുന്നതിനു നഷ്ട പരിഹാരത്തിനു അർഹത ഉണ്ടെങ്കിലു,2018 ഡിസംബർ മുതൽ 2019 ഏപ്രിൽ വരെ കൂലി ലഭിക്കാത്ത സാഹചര്യമുണ്ടായിട്ടും,ഇതുവരെ ഒരു തൊഴിലാളിയും നഷ്ടപരിഹാരം ലഭിക്കുന്നതിനായി അപേക്ഷ നൽകിയതായി അറിയാൻ സാധിച്ചില്ല .

**9,സമയബന്ധിതമായുള്ള പരാതി പരിഹാരത്തിനുള്ള അവകാശം.**

സമയബന്ധിതമായി ഉള്ള പരിഹാരത്തിനുള്ള അവകാശം നിലനിൽക്കുന്നുവെങ്കിലും ഈ ഓഡിറ്റ് കാലയളവിൽ ഒരു തൊഴിലാളിയും പരാതി നൽകിയതായി രേഖകളിൽ കാണുന്നില്ല.

**10,സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം .**

വാ ർഡ തലത്തിൽ സോഷ്യൽ ഓഡിറ്റ് നടക്കാറുണ്ട്.

**<u>നിരീക്ഷണ പ്രശ്നപരിഹാര സംവിധാനം.</u>**

തൊഴിലുറപ്പ് നിയമത്തിലെ 10 അവകാശങ്ങളിൽ ഒന്നായ സമയഭന്ധിതമായുള്ള പരാതി പരിഹാരത്തിനുള്ള അവകാശം നിലനില്ക്കുന്നുവെങ്കിലും, പലവിധത്തിലുള്ള പരാതികള്ളുണ്ടായിട്ടും തൊഴിലാളികൾക്ക് അവകാശങ്ങളെക്കുറിച് അവബോധം

ഇല്ലാത്തതുകൊണ്ട് ഓഡിറ്റ് കാലയളവിൽ ഒരു പരാതിയും പഞ്ചായത്തിൽ സമർപ്പിച്ചിട്ടില്ല .

## സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയ പ്രവൃത്തികൾ

| *Work Code* | *Name of Work* | *Category* | *Start Date* | *End Date* | *Total man Days* | *Total Amount* | *Status* |
|---|---|---|---|---|---|---|---|
| 16010011001/wc301732 | (വെള്ളിക്കോത്ത് മണ്ണ് ജല സംരക്ഷണം /മൾച്ചിങ് പീറ്റ് /പുതയിടൽ ) | *A* | 5/2/2019 | 13/3/2019 | 794 | 215165 | *Completed* |
| 1601001001/ wc301713 | വെള്ളിക്കോത്ത് മണ്ണ് ജല സംരക്ഷണം പ്രവർത്തികൾ, മഴ കുഴി, മണ്ണ് കയ്യാല നിർമാണം | *A* | 13/6/2018 | 23/7/2018 | 1400 | 382245 | *Completed* |
| 1601001001/ wc301724 | വെള്ളിക്കോത്ത്കണ്ണി കുളങ്ങര മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ, മഴ കുഴി, മണ്ണ് കയ്യാല നിർമാണം | *A* | 2/8/2018 | 27/1/2019 | 1440 | 389459 | *Completed* |
| 1601001001/ | വെള്ളിക്കോത്ത് | *A* | 6/10/201 | 27/1/20 | 159 | 43371 | *Complet* |

| | | | | | | | |
|---|---|---|---|---|---|---|---|
| wc301729 | കണ്ണി കുളങ്ങര മണ്ണ് ജല സംരക്ഷണ, മൾച്ചിങ് പീറ്റ്, പുടതയിടൽ | | 8 | 19 | 5 | 1 | *ed* |
| 1601001001/ LD238135 | വെള്ളിക്കോത്ത് തരിശുഭൂമി കൃഷിയോഗ്യമാക്കലിൽ | *A* | 26/11/2018 | 27/1/2018 | 1420 | 390005 | *Completed* |

**1-16010011001/wc301732(വെള്ളിക്കോത്ത് മണ്ണ് ജല സംരക്ഷണം /മൾച്ചിങ് പീറ്റ് /പുതയിടൽ )**

പ്രസ്തുത പ്രവൃത്തിയിൽ Mബുക്ക് പ്രകാരം 581.4 m^3 ഏരിയ യിൽ 437921 രൂപയുടെ പ്രവൃത്തി നടന്നു എന്നാൽ ഫിൽഡ് പരിശോധനയിൽ 498 m^3 ഏരിയയിൽ 411421 രൂപയുടെ പ്രവൃത്തി കാണാൻ സാധിച്ചു.
ഇവ തമ്മിലുള്ള വ്യത്യാസം 26500 രൂപ ചില കാലവസ്ഥയുടെ വ്യതിയാനം മൂലം നശിച്ചതായി കാണാൻ സാധിച്ചു.

**2-1601001001/wc301713(വെള്ളിക്കോത്ത് മണ്ണ് ജല സംരക്ഷണം പ്രവർത്തികൾ, മഴ കുഴി, മണ്ണ് കയ്യാല നിർമാണം )**

പ്രസ്തുത പ്രവൃത്തിയിൽ M ബുക്ക് പ്രകാരം 2253 m^3 ഏരിയയിൽ 381674രൂപയുടെ പ്രവൃത്തിചെയ്തു. എന്നാൽ ഫിൽഡ് വെരിഫിക്കേഷനിലൂടെ 2180m^3ഏരിയയിൽ 369248.4 രൂപയുടെ പ്രവർത്തി കണ്ടു. പകുതി പ്രവൃത്തികളും മഴ മൂലം നശിക്കപ്പെട്ടു.ഇവിടെ 12425 രൂപയുടെ വ്യത്യാസം കാണാൻ സാധിച്ചു.

**3-1601001001/wc301724വെള്ളിക്കോത്ത് കണ്ണി കുളങ്ങര മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ, മഴ കുഴി, മണ്ണ് കയ്യാല നിർമാണം**

പ്രസ്തുത പ്രവൃത്തിയിൽ M ബുക്ക് പ്രകാരം 2304. 8 m^3ഏരിയയിൽ390401രൂപയുടെപ്രവൃത്തിയും, ഫീൽഡ് പരിശോധന പ്രകാരം 2210 m^3ഏരിയയിൽ 374329.8 രൂപയുടെ പ്രവർത്തി കാണാൻ സാധിച്ചു. ഇവിടെ 16071.2രൂപയുടെ വ്യത്യാസം കാണാൻ സാധിച്ചു.

**4-1601001001/wc301729 വെള്ളിക്കോത്ത് കണ്ണി കുളങ്ങര മണ്ണ് ജല സംരക്ഷണ, മൾച്ചിങ് പീറ്റ്, പുടതയിടൽ**

പ്രസ്തുത പ്രവൃത്തിയിൽ M ബുക്ക് പ്രകാരം 2553 m^3ഏരിയയിൽ432490രൂപയുടെ പ്രവൃത്തിയും, ഫീൽഡ് പരിശോധന പ്രകാരം 2500 m^3 ഏരിയയിൽ 423450 രൂപയുടെ പ്രവർത്തി കാണാൻ സാധിച്ചു. 9040രൂപയുടെ വ്യത്യാസം കാണാൻ സാധിച്ചു.

**5-1601001001/LD238135 വെള്ളിക്കോത്ത് തരിശുഭൂമി കൃഷിയോഗ്യമാക്കലിൽ** പയർ കൃഷി ചെയ്തിരുന്നു, എന്നാൽ ഇപ്പോൾ മഴ മൂലം വെള്ളം കയറിയതിനാൽ കൃഷി കാണാൻ സാധിച്ചില്ല .ഇവിടെ 1146.98 m^3ഏരിയയിൽ 384829 രൂപ ചിലവഴിച്ചു.

## ***<u>പ്രധാന കണ്ടെത്തലുകൾ</u>***

കാലാവസ്ഥ വ്യതിയാനം മൂലം ചെയ്തപ്രവർത്തികൾ അതേ പോലെ കാണാൻ സാധിച്ചില്ല.

**ഓഡിറ്റ് കാലയളവിലെ മൊത്തം പ്രവർത്തി എടുക്കുമ്പോൾ 1642486 രൂപയുടെ പ്രവർത്തിയിൽ 64036 രൂപയുടെ പ്രവർത്തി കാണാൻ സാധിച്ചില്ല.**

## **<u>സിറ്റിസൺഇൻഫർമേഷൻബോർഡ്</u>**

പരിശോധിച്ച ഒരു വർക് സൈറ്റിലും സിറ്റിസൺ ഇന്ഫർമേഷൻ ബോർഡ് കാണുവാൻ സാധിച്ചില്ല. എസ്റ്റിമേറ്റ് പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

## **<u>വി.എം.സി</u>**

ഓടിറ്റിനു വിധേയമാക്കിയ പ്രവൃത്തി ഫയലുകളിലെ സൈറ്റ് ഡയറികളിൽ വി,എം.സി.മെമ്പർമാരുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

**പഞ്ചായത്തിൽ സൂക്ഷിക്കേണ്ട രാജിസറ്ററുകളും അവയിലെ കണ്ടെത്തലുകളും** .

**1,തൊഴിൽ കാർഡ് രെജിസ്റെർ:**

പഞ്ചായത്തിൽ സൂക്ഷിക്കുന്ന രേഖയിൽ തൊഴിലാളികളുടെ ഫോട്ടോയൊക്കെ പതിച്ച കൃത്യമായ രെജിസ്റ്റർ കാണാൻ സാധിച്ചു.

**2ഗ്രാമസഭ രജിസ്റ്റർ.**

തൊഴിലുരപ്പുഗ്രമാസഭ രജിസ്റ്റർ പഞ്ചായത്തിൽ കൃത്യമായി കാണാൻ സാധിച്ചു.

**3. തൊഴിൽആവശ്യപ്പെട്ടതും തൊഴിൽനൽകിയതുമായിട്ടുള്ളരജിസ്റ്റർ.**

ഡിമാൻഡ് ആൻഡ് ആലോകേഷ്ൻ രെജിസ്റെർ പഞ്ചായത്തിൽ സൂക്ഷിക്കുന്നുണ്ട്. രണ്ടിന്റെയും എം ഐ എസ് കോപ്പിയാണ് രജിസ്റെരിലുള്ളത്.തൊഴിലാളികൾ തൊഴിലാവശ്യപ്പെട്ടുകൊണ്ട് നൽകിയ അപേക്ഷകൾ വർക്ക് ഫയലുകളിൽ ഉണ്ട്.

**4.വർക്ക് രജിസ്റ്റർ.**

എം ഐ എസ കോപ്പി സൂക്ഷിച്ചിട്ടുണ്ട് .

**5.ആസ്തിരജിസ്ററർ**

ആസ്തി രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

**6.മെറ്റീരിയൽ രജിസ്റ്റർ**

മെറ്റീരിയൽ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിചിട്ട്ട്ടുണ്ട് .ഓഡിറ്റ് കാലയളവിൽ മെറ്റീരിയൽ ഉപയോഗിച്ചുള്ള പണികൾ ഒന്നും തന്നെ നടന്നിട്ടില്ല.

**7. പരാതി രജിസ്റ്റർ**

പരാതിരജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നുണ്ട് .തൊഴിലാളികൾക്ക് പല വിധത്തിലുള്ള പരാതികലുന്ടെന്കിലും ഓഡിറ്റ് കാലയളവിൽ യാതൊരുവിധ പരാധികളും രേഖപ്പെടുത്തിയതായി കാണുന്നില്ല.

<u>**കേന്ദ്രസർക്കാർ നിർദ്ദേശപ്രകാരം ഒരു വ്ര്ക്കുഫയലിൽ താഴെപറയുന്ന 22 രേഖകൾ നിർബന്ധമായും ഉണ്ടാകേണ്ടതാണ് . ഫയലുകളുടെ വിവരങ്ങളും കണ്ടെത്തലുകളും :**</u>

**1.കവർപേജ്.**

കവർ പേജിൽ അസ്റ്റ് ഐ.ഡി, ജി.പി.എസ് ലോക്കേഷൻ.സോഷ്യൽ ഓഡിറ്റ് നടന്ന തീയ്യതി, മേറ്റിന്റെ പേര് എന്നിവ രേഖപ്പെടുത്തുവാൻ പ്രത്യേക സ്ഥലമില്ല അതിനാൽ അവ കാണാൻ സാധിച്ചില്ല.

**2.ചെക്ക് ലിസ്റ്റ്**

പ്രവൃത്തി ഫയലിൽ ക്രമപ്രകാരം ഏതൊക്കെ രേഖകൾ എവിടെ ഏതുപേജുകളിൽ സൂ ക്ഷിച്ചിരിക്കുന്നു എന്ന് മനസ്സിലാക്കുവാനുള്ള രേഖയാണ് ചെക്ക്ലിസറ്റ് .പരിശോധിച്ച പ്രവൃത്തി ഫയലുകളിൽചെക്ക് ലിസ്റ്റ് കാണാൻ സാധിച്ചു.

**3. ആക്ഷൻപ്ലാൻ/ഷെൽഫ് ഓഫ്പ്രൊജക്റ്റ് എന്നിവയുടെ അംഗീകരിച്ച കോപ്പി.**

പൊതു പ്രവർത്തികളിലും ഭവന നിർമ്മാണ പ്രവർത്തികളുടെ ഫയലിലും ഫയലുകളിൽ ആക്ഷൻപ്ലാൻ പകർപ്പ്കാണുവാൻ കഴിഞ്ഞു.

**4. ഭരണാനുമതി**

പ്രവൃത്തിചെയ്യുന്നതിന് പഞ്ചായത്ത് നൽകുന്ന അനുമതിയാണ് ഭരണാനുമതി. നമ്മുക്ക് ലഭിച്ച ഫയലുകളിൽ ഭരണാനുമതി രേഖയിൽ എല്ലാം കൃത്യമായി രേഖപ്പെടുത്തിയിരിക്കുന്നു. ഭരണാനുമതി എല്ലാ പ്രവൃത്തികൾക്കും ഉണ്ട് .

**5.എസ്റ്റിമേറ്റ്**

ഒരു പ്രവൃത്തി എങ്ങിനെ എത്ര അളവിൽ ചെയ്യണമെന്ന് സാങ്കേതികമായി പ്രതിപാദിക്കുന്ന ആധികാരിക രേഖയാണ് എസ്റ്റിമേറ്റ് എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്.

**6. സങ്കേതികാനുമതി.**

ഒരു പ്രവൃത്തിക്ക് സാങ്കേതിക വിദഗ്ദരുടെ അനുമതി ലഭിച്ചിട്ടുണ്ട് എന്നതിന്റെ തെളിവാണ് സാങ്കേതികാനുമതി രേഖ.

**7. സംയോജിത പദ്ധതി.**

ബാധകമല്ല.

**8. തൊഴിലിനുള്ള അപേക്ഷ.**

തൊഴിലാളികൾ തൊഴിൽ ആവശ്യപ്പട്ട് നൽകുന്ന അപേക്ഷയാണ് ഡിമാൻഡ്ഫോറം. അപേക്ഷ നൽകി 15 ദിവസത്തിനുള്ളില് ജോലി നൽകിയോ

എന്നറിയുവാൻ ഈ രേഖ സഹായകമാണ്. കൂട്ടായുള്ള അപേക്ഷ വർക്ക് ഫയലിൽ കാണാൻ കഴിഞ്ഞു .

**9. തൊഴിൽ അനുവദിച്ചതിന്റെ പകർപ്പ്.**

പ്രവൃത്തി അനുവദിച്ചു കൊണ്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകുന്ന അനുമതിയാണ് അലൊക്കേഷൻഫോം. വർക്ക് അലോകറേൻ എം,ഐ എസ് കോപ്പി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട് .

**10. മസ്റ്റർ റോൾ.**

തൊഴിലാളികളുടെ ഹാജർനില രേഖപ്പെടുത്താനുള്ള രേഖയാണ് മസ്റ്റർറോൾ. Mബുക്കിന് അനുസൃതമായുള്ള മസ്റ്റ റോൾ കാണാൻ സാധിച്ചു.ആയുധവാടകയായി 5 രൂപ മസ്റ്റർറോളിനൊപ്പം തൊഴിലാളികൾക് നൽകിവരുന്നതായി പരിശോധനയിൽനിന്നും വ്യക്തമായി.

**11. മെഷർമെന്റ് ബുക്ക്**

ഒരു പ്രവൃത്തി എസ്റ്റിമേറ്റു പ്രകാരം കൃത്യമായ അളവിൽ ആണ്ചെയ്യേണ്ടത് എന്നും ചെയ്യ്തിരിക്കുന്നത് ഇപ്രകാരം തന്നെയാണ് എന്ന് മനസ്സിലാക്കാനുള്ള ആധികാരിക രേഖയാണ് മെഷർമെന്റ്ബുക്ക്. ഓരോ ഭൂഉടമയ്ക്കും ഇത്ര സ്ഥലത്ത പ്രവൃത്തി ചെയ്തു എന്ന് പ്രത്യേകം എഴുതാതെ ഒന്നിച്ചുള്ള വിസ്ത്രിതിയാണ് മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

**12. മെറ്റീരിയൽസ്**

ഒരു പ്രവൃത്തിക്ക് ആവശ്യമുള്ള സാധന സാമഗ്രികൾ വാങ്ങുന്നതിനുള്ള നടപടി ക്രമങ്ങൾ പ്രതിപാദിക്കുന്ന രേഖയാണ് മെറ്റീരിയൽ പ്രൊക്യൂർമെന്റ്. എല്ലാ രേഖകളും കൃത്യമായി കാണാൻ സാധിച്ചു.

**13. വേജ്ലിസ്റ്റ്**

തൊഴിലാളിക്ക് വേതനം അനുവദിച്ചു എന്ന് തെളിയിക്കുവാനുള്ള രേഖയാണ് വേജ് ലിസ്റ്റ്. സോഷ്യൽ ഓഡിറ്റിനു വിധേയമാക്കിയ പ്രവൃത്തികളിൽ എല്ലാംതന്നെ കൃത്യമായി കാണാൻ സാധിച്ചു .

**14. എഫ്.ടി.ഒ**

വേതനത്തിന്റെയും സാധനങ്ങൾക്ക് പണമടച്ചതിന്റെയും എഫ്.ടി.ഒ യുടെയും കോപ്പി,മാസ്റ്റർരോള്, വേജ്ലിസ്റ്റ് എന്നിവ അനുസരിച്ച് തൊഴിലാളികൾക്ക് വേതനം കൈമാറിയെന്ന് ഉറപ്പാക്കാനുള്ളരേഖയാണ് ഫണ്ട് ട്രാൻസ്ഫർ ഓർഡർ. ഇവ കൃത്യമായി ഫയലിൽ കാണാൻ സാധിച്ചു.

**15. മെറ്റീരിയൽ വൗച്ചർ ബിൽ.**

ഒരു പ്രവൃത്തിക്ക് ആവശ്യമുള്ള സാധന സാമഗ്രികൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പ്രതിപാദിക്കുന്ന രേഖയാണ് മെറ്റീരിയൽ വൗച്ചർ ബിൽ. സിറ്റിസൺ ഇൻഫർമേഷൻ ബോർടുമായി ബന്ധപ്പെട്ട രേഖകളുടെ വിശദാംശങ്ങൾ കൂടി ഫയലുകളിൽ കണാൻ സാധിച്ചു.

**16. റോയൽറ്റി അടച്ചതിന്റെ രസീതിന്റെ കോപ്പി**

ബാധകമല്ല.

**17. ഫോട്ടോഗ്രാഫ്.**

പരിശോധനക്ക് വിധേയമാക്കിയ ഫയലുകളിൽ പ്രവൃത്തികളുടെ 3 ഘട്ട ഫോട്ടോകൾ സൂക്ഷിച്ചിട്ടുണ്ടായിരുന്നു.

**18. പ്രവർത്തി പൂർത്തീകരണ സാക്ഷ്യ പത്രം.**

പ്രവൃത്തി പൂർത്തീകരിച്ചു എന്നതിന്റെ രേഖ കൃത്യമായി കാണാൻ സാധിച്ചു.

**19. മസ്റ്റർറോൾ മൂവ്മെന്റ്സ്ലിപ്പ്/ ഫയൽട്രാക്കിംഗ്ഫോം.**

പ്രവൃത്തി ഫയലുകളിൽ എല്ലാംതന്നെ വിശദമായ ഫയൽട്രാക്കിംഗ്ഫോം ഉണ്ടായിരുന്നു.

**20. ജിയോടാഗ് ഫോട്ടോഗ്രാഫ്.**

ജിയോടാഗ് ഫോട്ടോകൾ ഫയലുകളിൽ ലഭ്യമായിരുന്നു.

**21. സോഷ്യൽ ഓഡിറ്റിന്റെ റിപ്പോർട്ട് കോപ്പി**

സോഷ്യൽ ഓഡിറ്റ് നടന്നിട്ടുണ്ട്. റിപ്പോർട്ടിന്റെ കോപ്പി കാണാൻ സാധിച്ചു

**22. സൈറ്റ്ഡയറി**

എല്ലാ വിവരങ്ങളും വിശദമായി പറഞ്ഞിട്ടുള്ള സൈറ്റ്ഡയറി കാണാൻ സാധിച്ചു.

# പൊതുനിര്‍ദ്ദേശങ്ങൾ.

**ഉദ്യോഗസ്ഥരോട്**

1.തൊഴിൽർഡിലേക്കാവശ്യമായ ഫോട്ടോ പഞ്ചായത്തിൽ നിന്ന്തന്നെ എടുത്ത് കൊടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2.തൊഴിലനു അപേക്ഷിക്കുന്ന എല്ലാ തൊഴിലാളികൾക്കും തൊഴിൽനൽകുന്നുണ്ട് എന്ന കാര്യം ഉറപ്പ് വരുത്തുക.

3.കാലാനുസൃതമായി തന്നെ ഒരോ പ്രവൃത്തിയും ഏറ്റെടുത്ത് ന ടത്തുന്നതിനായി യഥാസമയംഅവയുടെ അനുമതി നേടി നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ ഉദ്യോഗസ്ഥർ സ്വീകരിക്കേണ്ടതാണ് .

4.ഓരോ പ്രവർത്തിയും ആരംഭിക്കുന്നതിനു മുൻപ് കൃത്യമായി പ്രൊജക്ട്മീറ്റിംഗ് നടത്തേണ്ടതാണ്. മീറ്റിംഗിൽ തൊഴിലുറപ്പ് ഉദ്യോഗസ്ഥർ നിർബന്ധമായും പങ്കെടുക്കുകയും ചെയ്യേണ്ട പ്രവൃത്തിയെകുറിച്ചും അളവിനെകുറിച്ചും തൊഴിലാളികളോടും ,മേറ്റിനോടും വിശദമായി പറഞ്ഞ്കൊടുക്കുകയും ചെയ്യേണ്ടതാണ്. എസ്റ്റിമേറ്റിന്റെ മലയാളം പകർപ്പ് ലഭ്യമാക്കേണ്ടതാണ് .

5. പ്രവൃത്തി നടന്ന്കൊണ്ടിരിക്കുമ്പോൾ സാങ്കേതിക ജീവനക്കാർ പ്രവൃത്തി സ്ഥലം സന്ദർശിച്ച് പ്രവൃത്തിയുടെ പരിശോധനയും അളവെടുപ്പും നടത്തി പോരായ്മകൾ തൊഴിലാളികൾക്ക് പ റഞ്ഞ് മനസിലാക്കി കൊടുക്കേണ്ടതാണ് .

6. ഓരോ പ്രവൃത്തിയുടേയും സൈറ്റിൽ കുടിവെള്ളം ,പ്രഥമ ശുശ്രൂഷകിറ്റ് , തണൽ,എന്നീ സൗകര്യങ്ങൾ ഏറർപ്പെടുത്തുന്നതിൽ ജീവനക്കാർ പ്ര ത്യേകം ശ്രദ്ധിക്കേണ്ടതാണ് .

7. സുരക്ഷാ സാമഗ്രികൾ ആവശ്യമായ പ്രവൃത്തികളിൽ അവ ലഭ്യമാക്കേണ്ടതാണ് .

8. ഓരോ പ്രവൃത്തിയുടേയും വർക്ക് ഫയലുകളിൽ ആനുവൽ മാസ്റ്റർ സർക്കുലർ പ്രകാരം നിഷ്കർഷിക്കുന്ന 22 രേഖകളിൽ ഉൾപ്പെട്ടവ ഉണ്ടെന്ന് ജീവനക്കാർ ഉറപ്പ് വരുത്തേണ്ടതാണ് .

**മേറ്റുമാരോട്.**

1. തൊഴിലാളികളുടെ തൊഴിൽകാർഡിൽ പ്രവൃത്തിയെകുറിച്ചുള്ള വിവരങ്ങൾ കൃത്യമായി ചേർക്കേണ്ടതും ഹാജർ അടയാളപ്പെടുത്തേണ്ടതുമാണ്.

2. തൊഴിലാളികളുടെ ഗ്രൂപ്പ് അപേക്ഷകൾ പഞ്ചായത്തിൽ നൽകുമ്പോൾ കൈപ്പറ്റ് രസീത് തിരികെ വാങ്ങിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3. തൊഴിലാളികൾ യഥാസമയം പ്രവൃത്തിസ്ഥലത്തു ഹാജരാകുന്നുണ്ടോ എന്നും ,ഹാജർ കൃത്യ സമയത്ത് മസ്റ്റർ റോളുകളിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

4. പ്രവർത്തി സ്ഥലത്ത് തൊഴിലാളികൾക്ക് അപകടം സംഭവിക്കുകയാണ്കെങ്കില് അപകടത്തിന്റെ വിശദാംശങ്ങൾ സൈറ്റ്ഡയറിയിൽ രേഖപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

5 .സൈറ്റ് ഡയറിയിൽ എല്ലാ വിവരങ്ങളും കൃത്യമായി രേഖപ്പെടുത്തുക .

**തൊഴിലാളികളോട്**

1. പഞ്ചായത്തിൽ നിന്നും തൊഴില ലഭിക്കാൻ കാത്തിരിക്കാതെ തൊഴിൽ ആവശ്യമുള്ള സമയത്ത് പഞ്ചായത്തിൽ അപേക്ഷ നൽകുകയും രശീതി കൈപ്പറ്റി സൂക്ഷിക്കുകയും ചെയ്യുക .

2. തൊഴിലിനപേക്ഷിച്ച് 14 ദിവസത്തിനുശേഷം തൊഴിൽ ലഭ്യമാകാത്ത സാഹചര്യത്തിൽ തൊഴിലില്ലായ്മ വേതനത്തിന് അപേക്ഷിക്കുക .

3. തൊഴിലുറപ്പ് വേതനം കൃത്യമായി പാസ്ബുക്കിൽ രേഖപ്പെടുത്തുക .

4. തൊഴിൽകാർഡ് സ്വന്തം കൈവശം സൂക്ഷിക്കുക .

5. അവകാശങ്ങൾ ലഭ്യമാവാത്ത സാഹചര്യങ്ങളിൽ പരാതി പരിഹാര സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുക .

6. ഗ്രാമസഭകളിൽ കൃത്യമായി പങ്കെടുക്കുകയും അഭിപ്രായങ്ങൾ രേഖപ്പടുത്തുകയും ചെയ്യുക .

**അനുബന്ധരേഖകൾ**

ശേഖരിച്ചതെളിവുകൾ

മേറ്റ് രമണി , രേഖ എന്നിവരുടെ സാന്നിധ്യത്തിൽ ഗുണഭോക്താക്കളുടെ കൃഷിസ്ഥലം അളന്നു തിട്ടപ്പെടുത്തിയ വിവരങ്ങൾ.

ഫീൽഡ് വേരിഫികേഷൻ സമയത്ത് തൊഴിലാളികളുമായി നടത്തിയ സംവാദങ്ങളിൽ നിന്നുള്ള വിവരങ്ങൾ ,

പ്രവൃത്തി നടന്നുവെന്നു സ്ഥലമുടമകളിൽ നിന്നും പരിശോധന സമയത്ത് ചോദിച്ചറിഞ്ഞ വിവരങ്ങൾ.

## ഗ്രാമ സഭയിൽ വന്നിട്ടുള്ള അഭിപ്രായങ്ങൾ, നിർദേശങ്ങൾ, തീരുമാനങ്ങൾ.

- തൊഴിൽ കാർഡിനായി അപേക്ഷിക്കുന്നവർക്കുള്ള ഫോട്ടോ പഞ്ചായത്തിൽ നിന്ന് തന്നെ എടുക്കാനുള്ള നടപടികൾ കൈക്കൊള്ളും .

- കാർഷിക കലണ്ടർ ഉണ്ടാക്കുന്നതിനെ ക്കുറിച്ച് ചർച്ച ചെയ്യും .

- കൃഷിപണി, തോടിന്റെ വരമ്പുകൾ , റോഡ് സൈഡിലെ കാട് വെട്ടി സൈഡ് കെട്ടുന്ന പ്രവർത്തി എന്നിപണികൾ തൊഴിലുറപ്പിൽ ഉൾപ്പെടുത്തണം എന്ന് തൊഴിലാളികൾ ആവശ്യപ്പെട്ടു.

- തൊടുകൾ കല്ല് ഉപയോഗിച്ച് സൈഡ് കെട്ടുന്നതിനു പകരം പരിസ്ഥിതി സൗഹൃദ പരമായി കൈത, കണ്ടൽ കാടുകൾ എന്നിവ വെച്ച് ചെയ്യുന്ന രീതി പദ്ധതിയിൽ ഉൾപ്പെടുതാൻ ആവശ്യപ്പെട്ടു. ഇത് പ്രാവർത്തികമാക്കാൻ സാധിക്കും എന്ന് AE അഭിപ്രായപ്പെട്ടു.

- വീടിനു പുറത്ത് അടുപ്പ് കെട്ടുക, പച്ചക്കറി കൃഷി, റോഡിന്റെ വീതി കൂട്ടൽ എന്നി പ്രാവർത്തി കൾ തൊഴിലുറപ്പിൽ ഉൾപ്പെടുത്താൻ തൊഴിലാളികളും നാട്ടുകാരും അഭിപ്രായപ്പെട്ടു. പദ്ധതിയിൽ ഉൾപ്പെടുന്ന പ്രവർത്തിയെ പറ്റി AE വ്യക്തമാക്കി.

- സോഷ്യൽ ഓഡിറ്റ് നടക്കുവാൻ കാലതാമസം എടുക്കുന്നതിനാൽ തൊഴിലാളികൾ ചെയ്യുന്ന പ്രവർത്തികൾ പലതും കാലാവസ്ഥ വ്യതിയാനാം മൂലം കൃത്യമായ അളവിൽ കാണാൻ സാധിക്കുന്നില്ല അതിനാൽ പണി എടുത്ത് തീരുന്ന സമയത്ത് തന്നെ സോഷ്യൽ ഓഡിറ്റിംഗ് നടത്തിയാൽ നന്നായിരുന്നു എന്ന് തൊഴിലാളികൾ ആവശ്യപ്പെട്ടു.